മാനസികാരോഗ്യ ആശുപത്രികളുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ നടപടി

139 (850)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാനസിക ആരോഗ്യ ആശുപത്രികളുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് 1983-ലെ കൃഷ്ണമൂർത്തി കമ്മിഷന്റെയും 1986-ലെ ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെയും ശുപാർശകൾ നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളുടെ വികസനത്തിനായി മറ്റെന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രസ്തുത കമ്മിഷനുകൾ സമർപ്പിച്ച ശുപാർശകൾ നടപ്പിലാക്കിവരികയാണ്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കുട്ടികളുടെ മാനസിക ആരോഗ്യത്തിനുവേണ്ട നടപടി

140 (851)ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ സ്വന്തം അദ്ധ്യാപകന്റെ കൊലപാതകം നേരിൽ കണ്ട് നടുങ്ങിപ്പോയ പിഞ്ചുകുട്ടികളുടെ മാനസികാവസ്ഥയെപ്പറ്റി ഗവൺമെന്റ് അന്വേഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) അവരുടെ മനസിന് സൗഖ്യം നൽകാൻ ഗവൺമെന്റ് നടപടികൾ കൈക്കൊള്ളുമോ;

(ഡി) ഇതിന്റെ ഭാഗമായി ഡോക്ടർമാരും കൗൺസിലർമാരും ആദ്ധ്യാത്മിക നായകൻമാരും നടത്തുന്ന ഒരു ടീമിന്റെ സേവനം പ്രസ്തുത കുട്ടികൾക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ)&(ബി) പ്രസ്തുത കുട്ടികളിൽ ചിലർ മാനസിക വിഭ്രാന്തി കാണിക്കുന്നകാര്യം പ്രസ്തുത സ്കൂൾ അധികാരി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുകയും അദ്ദേഹം കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസറെ (ആരോഗ്യം) വിവരം അറിയിക്കുകയും ചെയ്തു.

(സി)&(ഡി) തലശ്ശേരി ജനറൽ ആശുപത്രിയിൽ നിന്നും സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സ്പെഷ്യലിസ്റ്റ് എന്നിവരടങ്ങുന്ന ഒരു ടീമിനെ പ്രസ്തുത സ്കൂളിലേക്ക് നിയോഗിച്ചു എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly